©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 15<br>Vol. XV | തിരുവനന്തപുരം,<br>ശനി<br>Thiruvananthapuram,<br>Saturday | 2026 സെപ്റ്റംബർ 05<br>05th September 2026<br>1202 ചിങ്ങം 20<br>20th Chingam 1202<br>1948 ഭാദ്രം 14<br>14th Bhadra 1948 | നമ്പർ<br>No. 2418 |

### കേരള സർക്കാർ

### ഗതാഗത (സി) വകുപ്പ്

### വിജ്ഞാപനം

സ.ഉ.(അച്ചടി) നം. 23/2026/ഗതാ തീയതി, തിരുവനന്തപുരം, 03 സെപ്തംബർ ,2026

**എസ്. ആർ. ഒ. നമ്പർ 735/2026**

2019-ലെ കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ആക്ടിന്റെ (2019-ലെ 25-ാം ആക്ട്) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കൊണ്ട്, കേരള സർക്കാർ, 2020 ഒക്ടോബർ 30-ാം തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ. 57/2020/ഗതാഗതം ഉത്തരവിൻ കീഴിൽ പുറപ്പെടുവിച്ചതും 2020 ഒക്ടോബർ 30-ാം തീയതിയിലെ 2577-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമായ എസ്.ആർ.ഒ. 757/2020-ാം നമ്പർ വിജ്ഞാപനം പ്രകാരം കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി രൂപീകരിച്ചിട്ടുള്ളതിനാലും;

ശ്രീ എം.സ്വരാജിനെ, മുൻ നിയമസഭാ സാമാജികൻ, തൃപ്പൂണിത്തുറ നിയോജക മണ്ഡലം, നിയമസഭാ സാമാജികൻ എന്ന നിലയിൽ പ്രസ്തുത അതോറിറ്റിയിൽ സർക്കാർ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗമായി നിയമിച്ചിട്ടുള്ളതിനാലും, എന്നാൽ, ടിയാൻ നിലവിൽ നിയമസഭാ സാമാജികൻ അല്ലാത്തതിനാലും;

ശ്രീ കെ.ജെ.സോഹനെ, കെ. ജെ. ഹെർഷൽ റോഡ്, ഫോർട്ട് കൊച്ചി -682001, പ്രസ്തുത അതോറിറ്റിയിൽ വിദഗ്ധ അംഗമായി നിയമിച്ചിട്ടുള്ളതിനാലും, എന്നാൽ, 2019-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ആക്റ്റിന്റെ (2019-ലെ 25-ാം ആക്റ്റ്) 6-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (സി) ഖണ്ഡം പ്രകാരമുള്ള അധികാരമുപയോഗിച്ച്, പ്രസ്തുത അംഗത്തെ അതോറിറ്റിയിൽ നിന്ന് നീക്കം ചെയ്ത് എസ്.ആർ.ഒ. നം. 570/2023 ആയി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതിനാലും;

2020 സെപ്തംബർ 23-ാം തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 47/2020/ഗതാഗതം നമ്പരായി പുറപ്പെടുവിച്ചതും 2020 സെപ്തംബർ 24 തീയതിയിലെ 2170-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 611/2020 ആയി പ്രസിദ്ധപ്പെടുത്തിയ 2020-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ചട്ടങ്ങളിലെ ചട്ടം (3) പ്രകാരം മറ്റ് അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി അവസാനിച്ചതിനാലും;

ഇപ്പോൾ, അതിനാൽ, 2019-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ആക്റ്റിന്റെ (2019-ലെ 25-ാം ആക്റ്റ്) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരമുപയോഗിച്ച് കൊണ്ട്, കേരള സർക്കാർ, 2020 ഒക്ടോബർ 30-ാം തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ. 57/2020/ഗതാഗതം ഉത്തരവിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ളതും 2020 ഒക്ടോബർ 30-ാം തീയതിയിലെ 2577-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമായ എസ്.ആർ.ഒ. 757/2020-ാം നമ്പർ വിജ്ഞാപനം താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുന്നു, അതായത്:-

**ഭേദഗതി**

പ്രസ്തുത വിജ്ഞാപനത്തിലെ "അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ 4-ാം ക്രമനമ്പരിനും, 13-ാം ക്രമനമ്പരിന് താഴെയുള്ള (1) (2) (4) ഉപനമ്പറുകളിലെ ഉൾക്കുറിപ്പുകൾക്കും പകരം യഥാക്രമം താഴെ പറയുന്ന ഉൾക്കുറിപ്പുകൾ ചേർക്കേണ്ടതാണ്. അതായത്:-

| | | |
|---|---|---|
| "4. | ശ്രീ ടി.ജെ. വിനോദ്,<br>നിയമസഭാ സാമാജികൻ,<br>എറണാകുളം നിയോജക മണ്ഡലം | സർക്കാർ നാമനിർദ്ദേശം |
| 13. | | |
| | 1. ശ്രീ രഞ്ജിത്ത് ആർ., ശ്രീരാഗ്,<br>കടുക്കാംകുന്നം പി.ഒ.,<br>പാലക്കാട്, കേരളം. | വിദഗ്ധ അംഗം<br>(അർബൻ ട്രാൻസ്പോർട്ട് ഓപ്പറേഷൻസ്) |
| | 2. ശ്രീ പ്രമോദ് പി. തേവന്നൂർ,<br>ചെയർമാൻ, എസ്.സി.എം.എസ്. (SCMS)<br>ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റോഡ് സേഫ്റ്റി ആൻഡ്<br>ട്രാൻസ്പോർട്ടേഷൻ, പ്രതാപ് നഗർ,<br>മുട്ടം, എറണാകുളം - 683106 | വിദഗ്ധ അംഗം<br>(ട്രാൻസ്പോർട്ട് എൻജിനീയറിംഗ്) |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

4. ഡോ. ബിജോയ് എം.എസ്. രാജ്, റൂബി ഡെയ്ൽ, T.C. 46/844(1), കുഞ്ചാലുമ്മൂട്, കരമന പി.ഒ., തിരുവനന്തപുരം — വിദഗ്ദ്ധ അംഗം (നിയമം)"

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

അനുപമ ടി. വി. ഐ.എ.എസ്

സെക്രട്ടറി

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്.)

2019-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ആക്ടിന്റെ (2019-ലെ 25-ാം ആക്ട്) 3-ാം വകുപ്പ് പ്രകാരമുള്ള അധികാരമുപയോഗിച്ച് എസ്.ആർ.ഒ. 757/2020-ാം നമ്പർ വിജ്ഞാപനം പ്രകാരം രൂപീകരിച്ചിട്ടുള്ള കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ (KMTA) പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി അതോറിറ്റിയിലേക്ക് പുതിയ ജനപ്രതിനിധിയെയും വിദഗ്ധ അംഗങ്ങളെയും ഉൾപ്പെടുത്തികൊണ്ട് കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി പുന:സംഘടിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. മേൽ പറഞ്ഞ ആവശ്യത്തിലേയ്ക്കായി പ്രസ്തുത വിജ്ഞാപനം ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ഉദ്ദേശ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.09.05 02:28:13 +05:30